# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3590 30/01/2014-ൽ മറുപടിയ്ക്ക്

### കോൾഡ് ചെയിൻ പദ്ധതി

**ചോദ്യം**

ശ്രീ. അൻവർ സാദത്ത്:
ശ്രീ. പി. എ. മാധവൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. എ. വാഹീദ്:

**മറുപടി**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി):

(എ) മത്സ്യവിഭവങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എ) പിടിച്ചെടുക്കുന്ന മത്സ്യം കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള ശീതീകരണ ശൃംഖലാ സംവിധാനം ഏർപ്പെടുത്തുന്നതിനായി 75% കേന്ദ്രസഹായത്തോടെ 360 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ''ഫ്രഷ് ഫിഷ് ടു ആൾ'' പദ്ധതി നടപ്പിലാക്കി വരുന്നു. 15 ഇൻസുലേറ്റഡ് ട്രക്കുകൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടിയ 200 ഇരുചക്ര വാഹനങ്ങൾ, ഐസ് ബോക്സ് സംവിധാനത്തോടുകൂടി 50 ഓട്ടോറിക്ഷകൾ എന്നിവ ഈ പദ്ധതിയിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി 6 ഇൻസുലേറ്റഡ് ട്രക്കുകൾ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ ബാക്കി 9 ഇൻസുലേറ്റഡ് ട്രക്കുകൾ വിതരണത്തിനായുള്ള അപേക്ഷകൾ സ്വീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ഇരുചക്ര വാഹനത്തിനായി 200 ഗുണഭോക്താക്കളെയും ഇൻസുലേറ്റഡ് ബോക്സ് ഉൾക്കൊള്ളുന്ന ആട്ടോറിക്ഷയ്ക്കായി 50 ഗുണഭോക്താക്കളെയും തെരഞ്ഞെടുക്കുകയും ചെയ്തു കഴിഞ്ഞു. ഇതിൽ ഗുണഭോക്തൃവിഹിതം അടച്ച 130 പേർക്ക് ഇരുചക്ര വാഹനവും 17 പേർക്ക് ഓട്ടോറിക്ഷയും വിതരണം ചെയ്തു കഴിഞ്ഞു.

| | | | |
|---|---|---|---|
| (ബി) | കോൾഡ് ചെയിൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | പിടിച്ചെടുത്ത മത്സ്യത്തെ കേടുകൂടാതെ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുള്ള ശീതീകരണ ശൃംഖലാ സംവിധാനം ഏർപ്പെടുത്തുകവഴി മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ വരുമാനവും ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണമേന്മയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കോൾഡ് ചെയിൻ പദ്ധതി. ആയതിനായി 100 കോടി രൂപയുടെ പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഫിഷ് ലാന്റിംഗ് സെന്ററുകളിലും ഹാർബറുകളിലും മാർക്കറ്റുകളിലും കോൾഡ് സ്റ്റോറേജുകളും ചിൽഡ് റൂം സംവിധാനവും ഐസ് പ്ലാന്റിന്റെ നിർമ്മാണവും ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി എന്നു മുതൽ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | കോൾഡ് ചെയിൻ പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ട്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | മത്സ്യവിഭവങ്ങളുടെ ഗുണമേന്മയും വിനിയോഗവും പരമാവധി ഉറപ്പ് വരുത്തുന്നതിന് കോൾഡ് ചെയിൻ പദ്ധതി കാര്യക്ഷമമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പദ്ധതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ